പൊതുമേഖലാ സ്ഥാപനങ്ങളുമായുള്ള സംയുക്ത സംരംഭങ്ങൾക്കൊപ്പംതന്നെ വിപണി വിപുലീകരിക്കുന്നതിനായിട്ടാണ് കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി ചേർന്ന് വിവിധ മേഖലകളിലുള്ള സഹകരണം ഉറപ്പുവരുത്തുന്നുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളിൽ വിപണന വിപുലീകരണം, ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം, അസംസ്കൃത വസ്തുക്കളുടെ ലഭ്യത, നവീനമായ സാങ്കേതികവിദ്യയുൾപ്പെടെയുള്ള സംവിധാനങ്ങൾ നടപ്പിലാക്കുക എന്നിവയാണ് ഈ സഹകരണം വഴി ലക്ഷ്യമിടുന്നത്.

(സി&ഡി) ഇതിനായി സഹകരിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെയും സ്വീകരിച്ചുവരുന്ന നടപടികളുടെയും വിവരം അനുബന്ധമായി ചേർക്കുന്നു.'

കൈത്തറി സഹകരണ സംഘങ്ങളെ സംരക്ഷിക്കുന്നതിന് നടപടി

7 (*337) ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിദ്യാഭ്യാസസാങ്കേതികവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ;

(എ) മൂലധനനിക്ഷേപവും അസംസ്കൃത വസ്തുക്കളുടെ വിലവർദ്ധനയും പവർലൂം മേഖലയിൽ നിന്നുള്ള മത്സരവും കൈത്തറി സഹകരണ സംഘങ്ങളുടെ തകർച്ചയ്ക്ക് കാരണമാകുന്നതായി വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) കൈത്തറി മേഖലയെ പ്രതിസന്ധിയിൽ നിന്ന് കരകയറ്റുന്നതിന് ആസൂത്രണ കമ്മീഷൻ എന്തെങ്കിലും നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചിട്ടുണ്ടോ; വിശദമാക്കാമോ ;

(സി) ഇക്കാര്യങ്ങൾ നടപ്പിലാക്കുന്നതിനും കൈത്തറി സഹകരണ സംഘങ്ങളെ തകർച്ചയിൽ നിന്ന് സംരക്ഷിക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

വ്യവസായവും വിദ്യാഭ്യാസസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) ധനകാര്യസ്ഥാപനങ്ങളിൽ നിന്നും യഥാസമയം വായ്പ ലഭിക്കാത്തതു കാരണം മൂലധനക്കുറവ് കൈത്തറി മേഖലയിലെ സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ട്. എന്നാൽ അസംസ്കൃത വസ്തുക്കളുടെ വില വർദ്ധനയും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പാർട്ടി മേഖലയിൽ നിന്നുള്ള മത്സരവും കൈത്തറി മേഖലയെ സാരമായി ബാധിച്ചിട്ടില്ല. ഈ കാര്യങ്ങൾ പരിഹരിക്കാൻ താഴെപ്പറയുന്ന മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്.

1. വിൽപന, വിപണന&വിസ്തൃതിപദ്ധതി പ്രകാരം വിവിധ പ്രൊമോട്ടർമാരുടെ കീഴിലുള്ള കടം തിരിക്കാൻ നടപടി സ്വീകരിച്ചു.

2. ഷട്ടാതെ വെയർ പാർട്ടിസിപ്പേഷൻ പദ്ധതി വഴി ധനസഹായം നൽകി മുഴുവനാക്കാർ പരിഹരിക്കുവരുന്നു.

(ബി) ഉണ്ട്. കൈത്തറി മേഖലയെ പ്രതിസന്ധിയിൽ നിന്നും കരകയറ്റുന്നതിന് ആസൂത്രണ ബോർഡ് മുന്നോട്ട് വച്ചിട്ടുള്ള നിർദ്ദേശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

(സി) കൈത്തറി സഹകരണ സംഘങ്ങളെ തകർച്ചയിൽ നിന്ന് സംരക്ഷിക്കുന്നതിന് സ്വീകരിച്ച നടപടികൾ അനുബന്ധം രണ്ടായി ചേർത്തിരിക്കുന്നു.*

ശബ്ദ മലിനീകരണ നിയന്ത്രണം

8 (*338) ശ്രീ. സി. ദിവാകരൻ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സഭയെ അറിയിക്കുമോ:

(എ) ശബ്ദ മലിനീകരണ നിയന്ത്രണം നടപ്പാക്കുന്നതു സംബന്ധിച്ച് ഹരിത ട്രിബ്യൂണലിൽ നിന്ന് നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതുസംബന്ധിച്ച വിശദ വിവരം വെളിപ്പെടുത്തുമോ ;

(ബി) ഇക്കാര്യത്തിൽ സർക്കാരിന്റെ നിർദ്ദേശങ്ങളെന്തെങ്കിലും ഉണ്ടായിരുന്നോ ; എങ്കിൽ അതെന്തായിരുന്നു എന്ന് വ്യക്തമാക്കുമോ ;

(സി) വ്യത്യസ്ത മേഖലകളിൽ അനുവദനീയമായതിൽ കൂടുതൽ ശബ്ദ മലിനീകരണമുണ്ടാകുന്നില്ലെന്ന് ഉറപ്പാക്കാൻ എന്തൊക്കെ നടപടികളാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) ബഹു ഹരിത ട്രിബ്യൂണലിന്റെ (SZ) ചെന്നൈ ബെഞ്ചിന്റെ അപ്ലിക്കേഷൻ നമ്പർ. 445/2013 (SZ) (transferred from High Court)(കേരള

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly